# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 -2026

## താറ്റിയോട് എൽ .പി .സ്കൂൾ



കണ്ണൂർ നോർത്ത്

# ആമുഖം

വിദ്യാലയ വികസനമെന്നത്ക്ലാസ്സുമുറി,ഭൗതികസാഹചര്യങ്ങൾ,സഹായഘടകങ്ങൾ, സമൂഹം തുടങ്ങി വ്യത്യസ്ത ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.നമ്മുടെ വിദ്യാലയത്തിൽ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ട പദ്ധതിയാണിത്.

സമഗ്രഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാകുന്നതിന്റെഭാഗമായി പല പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരുകയാണ് .ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതാതു ക്ലാസ്സിൽ വച്ച് തന്നെ നേടി എന്ന് ഉറപ്പാക്കുക എന്നത് സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമാണ് .ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അതാത് അവസരങ്ങളിൽ ആവിശ്യമായ പഠന പിന്തുണ ഉറപ്പാക്കി പഠനത്തിൽ മുന്നേറാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് .

സമൂഹത്തിലെ പൊതുകാര്യങ്ങൾ ഓരോന്നിനെയും കുറിച്ച് കുട്ടികൾ ആദ്യഘട്ടത്തിൽ അറിയേണ്ട കാര്യങ്ങൾ സ്കൂൾ തുറന്ന് ആദ്യദിവസങ്ങളിൽ തന്നെ കുട്ടികളിൽ എത്തിക്കേണ്ടതുണ്ട് .ഇത് ഒറ്റത്തവണ പരിപാടി എന്ന നിലയിലല്ല കാണേണ്ടത് .പാഠ്യപദ്ധതിയുടെ ഭാഗമായ പാഠപുസ്തകങ്ങളിൽ ഈ ആശയങ്ങൾക്കെല്ലാമിടമുണ്ട് .അതാതു സമയങ്ങളിൽ അവ ആഴത്തിൽ കുട്ടികളെ പരിചയപെടുത്തുന്നു

1898 ൽ ആണ് ഈ വിദ്യാലയം ആരംഭിച്ചത്.അഞ്ചരക്കണ്ടി പഞ്ചായത്തിലെ പതിനഞ്ചാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.തളിപ്പറമ്പ സൗത്ത് സബ്ജില്ലയിൽ ഉൾപ്പെട്ടിരുന്ന ഈ വിദ്യാലയം 1988 ൽ ആണ് കണ്ണൂർ നോർത്ത് സബ്ജില്ലയിൽ ഉൾപ്പെട്ടത്.കണ്ണൂർ നോർത്ത് സബ്ജില്ലയിൽ ഉൾപ്പെട്ട അഞ്ചരക്കണ്ടി പഞ്ചായത്തിലെ ഏകവിദ്യാലയമാണിത്.1 മുതൽ 5 വരെ ക്ലാസുകൾ ഇവിടെ ഉണ്ട്.4 ക്ലാസുകൾ പ്രവർത്തിക്കുന്ന ഒരു ഓടിട്ട കെട്ടിടവും ഒരു ക്ലാസും ഓഫീസ്മുറിയും പ്രവർത്തിക്കുന്ന ഒരു കോൺക്രീറ്റ് കെട്ടിടവുമാണ് ഇവിടെയുള്ളത്.9 സെന്റ് സ്ഥലത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്.ഇതിന്റെ ഇപ്പോഴത്തെ മാനേജർ ശ്രീ. പ്രശോഭ് കെ വി ആണ്.പ്രീ പ്രൈമറി ഉൾപ്പടെ 6 അധ്യാപികമാർ ഇവിടെ ഉണ്ട്.എസ്.എസ്.എ യുടെ സഹായത്തോടെ പഠനോപകരണങ്ങൾ നിർമിക്കുന്നതിനും ലൈബ്രറി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞു.സ്കൂളിന് ചുറ്റും ചുറ്റുമതിലുമുണ്ട്.

പഠന പാഠ്യേതര പ്രവർത്തനങ്ങൾ വളരെ ചിട്ടയായി നടത്തി വരുന്നുണ്ട്.ഓരോ ടേമിലും തീർക്കേണ്ടതായ പാഠഭാഗങ്ങൾ അതാത് സമയത്തു തന്നെ പഠിപ്പിച്ച തീർക്കുന്നുണ്ട്.നിരന്തര മൂല്യനിർണയവും ടെം മൂല്യനിർണയവും യഥാസമയങ്ങളിൽ നടത്തി ഗ്രേഡ് ചെയ്ത പഠന പുരോഗതി രേഖ രക്ഷിതാക്കളിലെത്തിക്കുകയും എല്ലാ മാസവും ക്ലാസ് പി .ടി.എ വിളിച്ച ചേർത്ത് പഠനപുരോഗതി രേഖ ചർച്ച ചെയ്യുകയും ചെയ്യുന്നുണ്ട്.എസ്.ആർ.ജി. വിളിച്ച ചേർത്ത് പഠനപ്രവർത്തനങ്ങളുടെ ആസൂത്രണവും അവലോകനവും നടത്തുന്നുണ്ട്.ആഴ്ചയിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ അസംബ്ലി നടത്തുന്നുണ്ട്.ബുധനാഴ്ച ഒഴികെ സ്കൂൾ യൂണിഫോം നിർബന്ധമാണ്.ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ ഭാഗമായുള്ള കബ്ബ് യൂണിറ്റും നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

ദേശീയ ദിനാഘോഷങ്ങളും മറ്റ് ദിനാചരണങ്ങളും വിവിധ മത്സരങ്ങളോടെ നടത്തി വരുന്നു.ഓണം,ക്രിസ്തുമസ്,പുതുവത്സര ദിനം തുടങ്ങിയ ആഘോഷങ്ങൾ കുട്ടികളും രക്ഷിതാക്കളും ചേർന്ന് സദ്യ ഒരുക്കിയും മധുരപലഹാരങ്ങൾ വിതരണം ചെയ്തും ആഘോഷിക്കാറുണ്ട്.കുട്ടികൾ അവരുടെ ജന്മദിനങ്ങൾ സ്കൂളിന് ലൈബ്രറി പുസ്തകം നൽകിയും ഉച്ചഭക്ഷണം വിഭവ സമൃദ്ധമാക്കിയും മധുരപലഹാരങ്ങൾ വിതരണം ചെയ്തും ആഘോഷിക്കാറുണ്ട്.ജില്ലയിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ച കൊണ്ടുള്ള വിജ്ഞാനവും രസകരവുമായ പഠനയാത്ര,ഫീൽഡ് ട്രിപ്പ് എന്നിവ നടത്താറുണ്ട്.എല്ലാ വർഷവും ഓരോ ക്ലാസ്സിലും പഠനത്തിൽ മികച്ച നിൽക്കുന്ന കുട്ടികൾക്ക് വർഷാവസാനം ക്യാഷ് അവാർഡ് വിതരണം ചെയ്യാറുണ്ട്.എല്ലാ വർഷവും വാർഷികാഘോഷം വിപുലമായ രീതിയിൽ ആഘോഷിച്ച വരുന്നുണ്ട്.

എൽ.എസ്.എസ്, മത്സരപരീക്ഷകളിൽ കുട്ടികളെ എല്ലാ വർഷവും പങ്കെടുപ്പിക്കുകയും ഉന്നതവിജയം കരസ്ഥമാക്കുകയും ചെയ്യാറുണ്ട്.സബ്ജില്ലാ,ജില്ലാതല കലാകായിക ഗണിതശാസ്ത്ര , ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും വിദ്യാരംഗകലാസാഹിത്യ മത്സരങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുകയും വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.എല്ലാ വർഷവും എസ്.എസ്എൽ.സി,പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ നമ്മുടെ പൂർവ വിദ്യാർത്ഥികളെ അനുമോദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.ഇത്തരത്തിലുള്ള നിരവധി നേട്ടങ്ങൾ നമ്മുടെ വിദ്യാലയത്തിന് സ്വന്തമായിട്ടുണ്ട്.

# നിലവിലെ അവസ്ഥ

ഈ സ്കൂളിൽ ഇപ്പോൾ പ്രീ പ്രൈമറി ഉൾപ്പടെ ഒന്ന് മുതൽ അഞ്ച് വരെ ക്ലാസ്സുകളിലായി 30 കുട്ടികൾ പഠിക്കുന്നുണ്ട്.പ്രീ പ്രൈമറി ഉൾപ്പടെ 6 അധ്യാപികമാർ ഇവിടെ ഉണ്ട്.സ്കൂളിന് ഒൻപതേകാൽ സെന്റ് സ്ഥലം മാത്രമാണ് ഉള്ളത്.അഞ്ച് ക്ലാസ് മുറികളും ഒരു ഓഫീസ് മുറിയും ഭക്ഷണം പാകം ചെയ്യുന്നതിന് ഒരു താത്കാലിക ഷെഡുമാണ് സ്കൂളിന് ഉള്ളത്.കൂടാതെ കുട്ടികൾക്കായി മൂത്രപ്പുരയും പൊതുവായി ഒരു ടോയ്‌ലെറ്റും സ്കൂളിന് ഉണ്ട്.കിണർ ആവശ്യമാണെങ്കിലും സ്ഥലപരിമിതി കാരണം പഞ്ചായത്ത് തല കുടിവെള്ള കണക്ഷൻ അപേക്ഷിക്കുകയും അത് ലഭിക്കുകയും ചെയ്തിട്ടുണ്ട്.കുട്ടികൾക്ക് കസേരകളും ബെഞ്ചുകളും ഡെസ്കുകളും വേണ്ടത്ര ഉണ്ട്.സാമൂഹിക പങ്കാളിത്തം കുറവാണ്.അതിനാൽ ഗൃഹസന്ദർശനം നടത്തിയും ഫോൺ വിളിച്ചും സമൂഹവുമായി അധ്യാപകർ ബന്ധപ്പെടുന്നു.CWSN ഒഴികെയുള്ള കുട്ടികൾ പഠനത്തിലും പാഠ്യേതരപ്രവർത്തനങ്ങളിലും നല്ല നിലവാരം പുലർത്തുന്നു.

# PROFILE

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | താറ്റിയോട് എൽ പി സ്കൂൾ |
| റവന്യൂ വില്ലേജ് / വാർഡ് | : | അഞ്ചരക്കണ്ടി 15 |
| സി.ആർ.സി.യുടെ പേര് | : | ചെമ്പിലോട് |
| പഞ്ചായത്തിന്റെ പേര് | : | അഞ്ചരക്കണ്ടി |
| ബ്ലോക്ക് | : | തലശ്ശേരി |
| ജില്ല | : | കണ്ണൂർ |
| ഹെഡ്മിസ്ട്രസ്സിന്റെ പേര് | : | മിനി.കെ.കെ |
| മൊബൈൽ നമ്പർ | : | 9744381414 |

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലെ അവസ്ഥ

ആഴ്ചയിൽ എസ്.ആർ.ജി നിർബന്ധമായും ചേരുന്നു.പഠന പഠ്യേതരപ്രവർത്തനങ്ങൾ എല്ലാം ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.അത് കൊണ്ട് തന്നെ അക്കാദമിക പ്രവർത്തനങ്ങൾ സുഗമമാക്കുവാൻ കഴിയുകയും ചെയ്യുന്നു.

ജൂൺ മാസത്തിൽ തന്നെ ജനറൽ ബോഡി ചേർന്ന് പി.ടി.എ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു.തുടർന്ന് വർഷാവസാനം വരെ എല്ലാ പ്രവർത്തനങ്ങളിലും പി.ടി.എ യുടെ സഹകരണം ഉണ്ടാകാറുണ്ട്.സ്കൂളുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും അതാത് സന്ദർഭങ്ങളിൽ പി.ടി.എ ചേർന്ന് എടുക്കാറുണ്ട്.പി.ടി.എ പോലെ തന്നെ എല്ലാ പ്രവർത്തനങ്ങളിലും എം.പി.ടി.എ യുടെ സഹകരണം ഉണ്ട്.കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ അമ്മമാരുടെ ശ്രദ്ധയുണ്ടാവാറുണ്ട്.മാസം തോറും എം.പി.ടിഎ യോഗം ചേരാറുണ്ട്.

സാമൂഹ്യശാസ്ത്ര ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്,പരിസ്ഥിതി ക്ലബ്ബ്,വിദ്യാരംഗം എന്നിവ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു.ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ ഭാഗമായുള്ള കബ്ബ് യൂണിറ്റും നമ്മുടെ വിദ്യാലയത്തിൽ നടത്തി വരുന്നു.കുട്ടികളുടെ വായനശേഷി വളർത്താനുതകുന്ന 1000 ത്തിൽ പരം പുസ്തകങ്ങളുടെ ശേഖരം നമുക്കുണ്ട്.സ്കൂളിൽ വായനാമുറിയും ഒരുക്കിയിട്ടുണ്ട്.വായനാദിനത്തോടനുബന്ധിച്ച് ലൈബ്രറി പ്രദർശനവും നടത്താറുണ്ട്.രക്ഷിതാക്കൾക്ക് കൂടി പുസ്തകങ്ങളെ പരിചയപ്പെടുവാൻ പ്രദർശനം സഹായിക്കുന്നു.

# വിദ്യാലയ വികസന പ്രവർത്തനങ്ങൾ

- ഭൗതിക സാഹചര്യം
- ക്ലാസ്സ്മുറികൾ (ശിശുസൗഹൃദ ക്ലാസ്സ്,സ്മാർട്ട് റൂം )
- ടോയ്ലറ്റുകൾ
- റാമ്പ് &റെയിൽ സൗകര്യം
- കളിസ്ഥലം, കളിയുപകരണങ്ങൾ
- ഹരിത വിദ്യാലയം
- ലാബ്,ലാബ് സാമഗ്രികൾ
- ലൈബ്രറി പുസ്തകങ്ങൾ
- ഐ.സി.ടി സൗകര്യങ്ങൾ (കമ്പ്യൂട്ടർ,ഡിജിറ്റൽ ക്ലാസ് റൂം )
- പച്ചക്കറി, പൂന്തോട്ടം
- കുഴൽക്കിണർ
- സ്റ്റേജ്
- യാത്രാസൗകര്യം മെച്ചപ്പെടുത്തൽ
- അക്കാദമിക സാഹചര്യം
- എസ്.ആർ.ജി
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- പഠനോപകരണ നിർമാണത്തെ ശേഖരണം
- ദിനാചരണങ്ങൾ
- കലാകായിക പ്രവൃത്തി പരിചയം
- നിരന്തര വിലയിരുത്തൽ
- പഠനപോഷണ പരിപാടി (പഠന പിന്നോക്കക്കാർക്ക് )
- സ്കോളർഷിപ്പ് പരീക്ഷകൾ
- പ്രസിദ്ധീകരണങ്ങൾ
- ഐ.ടി.അധിഷ്ഠിത പഠനം
- അസ്സംബ്ലി
- കബ്ബ്,ബുൾ ബുൾ സംവിധാനങ്ങൾ
- പഠനയാത്ര,ഫീൽഡ് ട്രിപ്പ്

- വിദഗ്ധ ക്ലാസുകൾ
- ശില്പശാലകൾ
- അധ്യാപക ശാക്തീകരണ പരിപാടികൾ
- സ്കൂൾതല മേളകൾ
- ക്ലാസ് പത്രങ്ങൾ
- സാമൂഹ്യപങ്കാളിത്തം
- പിടി.എ ശാക്തീകരണം
- സി.പി.ടി.എ
- ഗൃഹ സന്ദർശനം
- പി.ഇ.സി
- ബോധവൽകരണ ക്ലാസുകൾ
- സ്കൂൾ വാർഷികം
- ആഘോഷ ദിനങ്ങൾ ജനകീയമാക്കൽ

# മാതൃകാ പദ്ധതി

## ഉദ്ദേശ്യങ്ങൾ

1.ഗുണമേന്മ വിദ്യഭ്യാസം നടപ്പിലാകുന്നതിന്റെ ഭാഗമായി കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ ഉറപ്പിക്കുക .

2.ഓരോ ക്ലാസ്സിലും വിവിധ വിഷയങ്ങളിൽ ലക്ഷ്യമിട്ടിരിക്കുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ എന്നറിയുന്നതിന്.

3.പ്രത്യേക ശ്രദ്ധയും പരിഗണനയും ആവശ്യമുള്ള കുട്ടികൾക്കുള്ള പ്രവർത്തന പരിപാടികൾ രൂപീകരിക്കുന്നതിന്.

4.എസ്.ആർ.ജി കാര്യക്ഷമമാക്കുന്നതിന്.

5.തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| സ്കൂളിനെ അറിയൽ | നിരീക്ഷണം<br>class | ഒരു മണിക്കൂർ | അധ്യാപകർ |
| ട്രാഫിക് നിയമങ്ങൾ | ICT..Class | ഒരു മണിക്കൂർ | അദ്ധ്യാപിക |
| ശുചിത്ത്വം | ICT..Class | ഒരു മണിക്കൂർ | അദ്ധ്യാപിക |
| പൊതുആരോഗ്യം | ICT..Class | ഒരു മണിക്കൂർ | അദ്ധ്യാപിക |
| ഡിജിറ്റൽ അച്ചടക്കം | ICT..Class | ഒരു മണിക്കൂർ | അദ്ധ്യാപിക |
| പൊതുമുതൽ സംരക്ഷണം | ICT..Class | ഒരു മണിക്കൂർ | അദ്ധ്യാപിക |
| പരസ്പരസഹകരണം | ICT..Class | ഒരു മണിക്കൂർ | അദ്ധ്യാപിക |
| പ്രീ ടെസ്റ്റ് | വാചികം,ഗണിതം,എഴുത്ത് എന്നിവയിലൂടെ ഓരോ വിഷയത്തിലും പ്രതീക്ഷിത പഠന നിലവാരം | ജൂൺ | ക്ലാസ് ടീച്ചർ |
| പ്രീ ടെസ്റ്റ് ഫല വിശകലനം | ഓരോ ക്ലാസ് അധ്യാപകനും | ജൂൺ | എസ്.ആർ.ജി |

| | | | |
|---|---|---|---|
| പൊതുആരോഗ്യം തുടർപ്രവർത്തന ആസൂത്രണം | എസ്.ആർ.ജി | | |
| പരിഹാര ബോധന പ്രവർത്തനങ്ങൾ | ടീച്ചിങ് മാന്വൽ പ്രവർത്തനാധിഷ്ഠിത രീതിയിൽ തയ്യാറാക്കൽ | അധ്യയന വർഷം | എസ്.ആർ.ജി |
| യൂണിറ്റ് അസ്സെസ്സ്മെന്റ് | വാചികമായും എഴുത്തിലൂടെയും പഠന നേട്ടം വിലയിരുത്തൽ | പ്രതിമാസം | അധ്യാപകർ |
| മൂല്യനിർണയം | നിശ്ചിതസൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരപേപ്പർ വിശകലനം | | എസ്.ആർ.ജി |

# അക്കാദമിക പ്രവർത്തനങ്ങൾ

| പ്രവർത്തനങ്ങൾ | ഉദ്ദേശ്യങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ക്ലബ്ബ് പ്രവർത്തനങ്ങൾ | വിഷയാടിസ്ഥാനത്തിൽ വിവിധ പരിപാടികൾ നടത്തുന്നതിനും ആരോഗ്യശുചിത്വ ബോധവൽകരണം നടത്തുന്നതിനും ക്ലബ്ബ് സഹായിക്കുന്നു. | അധ്യയന വർഷം | ക്ലബ്ബ് ചാർജുള്ള അധ്യാപകർ |
| പഠനോപകരണ നിർമാണം,ശേഖരണം | പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനും ശേഖരിക്കുന്നതിനും അതോടൊപ്പം കുട്ടികളുടെ സർഗ്ഗശേഷി വർധിപ്പിക്കുന്നതിനും എളുപ്പത്തിൽ പഠനം സാധ്യമാക്കുന്നതിനു യൂണിറ്റ് അനുസരിച്ച നിർമിക്കലും ശേഖരിക്കലും വർഷാവസാനം പ്രദർശനവും | അധ്യയന വർഷം | അധ്യാപകർ |
| ലൈബ്രറി പ്രവർത്തനം വായന കാർഡ് വിതരണം, ലൈബ്രറി | വായന പരിപോഷിപ്പിക്കുന്നതിന് ലൈബ്രറി പുസ്തകവിതരണം,പഠന പ്രവർത്തനത്തോടൊപ്പം വായന കാർഡ് വിതരണം, ബന്ധപ്പെട്ട ICT. | അധ്യയന വർഷം | അധ്യാപകർ |

| | | | |
|---|---|---|---|
| ദിനാചരണങ്ങൾ | നമ്മുടെ ചരിത്രം, അവയെക്കുറിച്ചുള്ള താല്പര്യം അന്വേഷണം പ്രാധാന്യം എന്നിവയെ കുറിച്ച് മനസ്സിലാക്കുന്നതിനു | അതാത് മാസങ്ങളിൽ | ക്ലബ്ബുകൾ |
| പ്രസിദ്ധീകരണങ്ങൾ | കലാസാഹിത്യവാസനകളെ പരിപോഷിപ്പിക്കുന്നതിനും സർഗാത്മക സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിനും കൈയെഴുത്തു മാസികയും ചുമർ മാസികയും തയാറാക്കുന്നതിന് | മാസം തോറും | അധ്യാപകർ |
| അസ്സംബ്ലി | ആഴ്ചയിൽ തിങ്കൾ,വ്യാഴം ദിവസങ്ങളിൽ കുട്ടികളിൽ അച്ചടക്കം, സഹകരണ മനോഭാവം, ബഹുമാനം, ദേശീയബോധം തുടങ്ങിയവ നില നിർത്തുന്നതിന് | അധ്യയന വർഷം | അധ്യാപകർ |
| പഠനയാത്ര, ഫീൽഡ് ട്രിപ്പ് | പഠനം എളുപ്പമാക്കുന്നതിന് പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഫീൽഡ് ട്രിപ്പും പഠനയാത്രയും അതാത് സമയത്തു നടത്തുന്നു | അതാത് സന്ദർഭങ്ങളിൽ | ക്ലാസ് അധ്യാപകൻ,പി.ടി.എ ,എസ്.ആർ.ജി |
| സ്കൂൾ തല മേളകൾ | മാസം തോറും ബാലസഭ നടത്തുന്നു, വർഷാവസാനം വാർഷികം | അധ്യയന വർഷം | അധ്യാപകർ |
| ഗണിത വിജയം , ഉല്ലാസ ഗണിതം | ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കുക.മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക. | അധ്യയന വർഷം | അധ്യാപകർ |
| വായനച്ചങ്ങാത്തം | കുട്ടിയെ മികച്ച വായനക്കാരനാക്കുക | അധ്യയന വർഷം | അധ്യാപകർ |
| ഹലോ ഇംഗ്ലീഷ് | കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയിലുള്ള ആശയ വിനിമയശേഷി വർദ്ധിപ്പിക്കുക.ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം കൂട്ടുകയും ചെയ്യുക | അധ്യയന വർഷം | അധ്യാപകർ |
| എഴുത്തുക്കൂട്ടം | കുട്ടിയെ മെച്ചപ്പെട്ട രീതിയിൽ മികച്ച എഴുത്തുകാരൻ ആക്കുക | അധ്യയന വർഷം | അധ്യാപകർ |
| റീഡേഴ്സ് തീയേറ്റർ | റീഡേഴ്സ് തീയേറ്റർ എന്നത് ഒരു നാടക ശൈലി ആണ് ആഖ്യാന സാമഗ്രികളുടെ നാടകീയമായ | അധ്യയന വർഷം | അധ്യാപകർ (3,4 class) |

| | | | |
|---|---|---|---|
| | വായനകൾ അവതരിപ്പിക്കുന്നു | | |
| സചിത്രപാഠ പുസ്തകം | ചിത്രങ്ങളും വാക്കുകളും ഉൾക്കൊള്ളിച്ചു പാഠഭാഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഭാഷയിൽ താല്പര്യം ഉണ്ടാക്കുന്നു | അധ്യയന വർഷം | അധ്യാപകർ (class 2) |
| സംയുക്ത ഡയറി | കുട്ടികളും രക്ഷിതാവും ചേർന്ന് ഒരു ദിവസത്തെ അനുഭവം കുറച്ചു വരികളിൽ എഴുതുന്നു. കൂടെ ചിത്രങ്ങളും ഉൾപ്പെടുത്തുന്നു . ഭാഷ മെച്ചപ്പെടാൻ സഹായിക്കുന്നു | അധ്യയന വർഷം | അധ്യാപകർ |
| കലാകായികം | കലാകായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | അധ്യയന വർഷം | അധ്യാപകർ |
| നാടോടിക്കഥ, ചൊല്ലുകൾ, കടംകഥകൾ | കവിതകളും നാടൻപാട്ടുകളും താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക കടംകഥ , പഴംചൊല്ല് മുതലായവ പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുക | അധ്യയന വർഷം | അധ്യാപകർ (class 3) |
| പാട്ടുത്സവം | നാടൻപാട്ടുകളും വായ്ത്താരികളും പാടാനും ആസ്വദിക്കാനുമുള്ള താല്പര്യം ഉണ്ടാക്കുക | അധ്യയന വർഷം | അധ്യാപകർ (class 1) |
| കാവ്യോത്സവം | കവിതകളും വായ്ത്താരികളും ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് ഈണം കണ്ടെത്തി പാടാനും ആസ്വദിക്കാനുമുള്ള താല്പര്യം ഉണ്ടാക്കുക | അധ്യയന വർഷം | അധ്യാപകർ (class 4) |
| സർഗ്ഗാത്മക ഡയറി | നല്ലതും ചീത്തയുമായ അനുഭവങ്ങൾ ഡയറി എഴുതുന്നതിലൂടെ ഭാഷ മെച്ചപ്പെടാൻ സഹായിക്കുന്നു | അധ്യയന വർഷം | അധ്യാപകർ (class 4) |
| ഇംഗ്ലീഷ് ഫെസ്റ്റ് | കുട്ടികളുടെ പ്രൊഡക്ടുകൾ പ്രദർശിപ്പിക്കുക , കഴിവുകൾ പൊതുജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുക | മാർച്ച് | അധ്യാപകർ |
| | | | |
| | | | |

# നമ്മുടെ വിദ്യാലയത്തിന്റെ തനത് പ്രവർത്തനം

- **വണ്ടർ വേൾഡ് ഓഫ് ഇംഗ്ലീഷ്**

ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്ന വിധത്തിൽ കുട്ടികളെ പ്രാപ്തരാക്കുക . സ്വയം എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക .

- **ആരോഗ്യ കലാ കായികം**

മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കുന്നു

സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപ് ലഘു വ്യായാമങ്ങൾ, എയറോബിക്, ലഘുവർക് ഔട്ട് നടത്തിക്കുക.

കൃഷി, പൂന്തോട്ട നിർമാണം ഇവയിൽ കുട്ടികളെ കൂടി പങ്കാളികളാക്കുക